File No.C4/111/2019-G.EDN

3411
31/3/21

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെ അദ്ധ്യാപന ജോലിഭാരം പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (സി) വകുപ്പ്

സ.ഉ.(കൈ) നം.127/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 26/02/2021

പരാമർശം:- 31.05.2019-ലെ സ.ഉ.(കൈ) നം. 53/2019/പൊ.വി.വ.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി, ഹൈസ്കൂൾ വിഭാഗങ്ങളുടെ ഏകീകരണം പരാമർശം ഉത്തരവ് പ്രകാരം നടപ്പിലാക്കിയതിന്റെ ഭാഗമായി ഹയർസെക്കണ്ടറി പ്രിൻസിപ്പൽമാർക്ക് സ്കൂളിന്റെ പൊതുചുമതല നൽകിയിട്ടുണ്ട്. നിലവിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്തെ ഹയർ സെക്കൻഡറി സ്കൂളുകളിലെ ഒരു എച്ച്.എസ്.എസ്.ടി. തസ്തികയിലേക്കാണ് അതാത് സ്കൂളിലെ പ്രിൻസിപ്പൽമാരെ നിയമിക്കുന്നത്. തൽഫലമായി പ്രിൻസിപ്പൽമാർ സ്കൂളിന്റെ പൊതുചുമതലയ്ക്ക് പുറമെ ആഴ്ചയിൽ 25 പീരീഡുകൾ വരെ അദ്ധ്യാപനം നടത്തേണ്ടതായി വരുന്നു. ഏകോപിത സ്കൂൾ സംവിധാനത്തിൽ അക്കാദമിക് കാര്യങ്ങൾക്കൊപ്പം സ്കൂളിന്റെ ഭരണച്ചുമതല കൂടി കൈകാര്യം ചെയ്യേണ്ടിവരുന്നതിനാൽ പ്രിൻസിപ്പൽമാരുടെ ജോലിഭാരം വർദ്ധിച്ചിട്ടുള്ളതായി കാണുന്നു. പ്രിൻസിപ്പലിന് സ്കൂളിന്റെ ഭരണകാര്യങ്ങളും അക്കാദമിക കാര്യങ്ങളും ഒന്നിച്ചു കൈകാര്യം ചെയ്യേണ്ടതിനാൽ അവരുടെ ജോലി ഭാരം പുനഃക്രമീകരിക്കേണ്ടതായിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെ അദ്ധ്യാപന ജോലി ആഴ്ചയിൽ എട്ട് പീരീഡായി കുറവുചെയ്ത് പ്രിൻസിപ്പൽമാരുടെ ജോലിഭാരം ക്രമീകരിക്കുന്നതിന്റെ ഭാഗമായി, പ്രിൻസിപ്പൽ പഠിപ്പിക്കേണ്ട വിഷയത്തിൽ 8 പീരീഡ് കഴിച്ചുവരുന്ന പീരീഡുകൾ പഠിപ്പിക്കുന്നതിനായി പ്രസ്തുത വിഷയത്തിൽ ആ സ്കൂളുകളിൽ പീരീഡ് കുറവുള്ള ജൂനിയർ അദ്ധ്യാപകർ ഉണ്ടെങ്കിൽ 14 പീരീഡുവരെ ടി അദ്ധ്യാപകർക്ക് നൽകിയും ഇത്തരത്തിൽ അദ്ധ്യാപകർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ, അടുത്ത അക്കാദമിക വർഷം മുതൽ മാത്രം നിയമനം നല്കാവൂയെന്ന വ്യവസ്ഥയിൽ, നിയമിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ.ഷാജഹാൻ
സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, (പൊതുവിദ്യാഭ്യാസം /ഹയർസെക്കണ്ടറി വിദ്യാഭ്യാസം/വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസം), തിരുവനന്തപുരം

എല്ലാ ഹയർസെക്കണ്ടറി മേഖലാ ഉപഡയറക്ടർമാർക്കും

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

എല്ലാ ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർക്കും

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

പൊതുഭരണ (എസ്.സി.) വകുപ്പ് (24.02.2021-ലെ ഇനം നമ്പർ 4829)

ധനകാര്യ വകുപ്പ് (EDN-B1/44/2020-FIN)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)

വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസ് റിലീസ്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി (സി4/111/2019/പൊ.വി.വ.)

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by Sivakumar V
Date: 2021.02.26 53:34 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്

പൊതുവിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-02-2021

ഫയൽ നം. GEDN-C2/111/2019/G.Edn. ഇനം നം: 4829

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - ഏകോപനത്തെ തുടർന്ന് സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെ അദ്ധ്യാപന ജോലി ആഴ്ചയിൽ എട്ട് പീരിഡായി കുറവു ചെയ്ത് പ്രിൻസിപ്പൽമാരുടെ ജോലിഭാരം ക്രമീകരിക്കുന്നതിന്റെ ഭാഗമായി പ്രിൻസിപ്പൽ പഠിപ്പിക്കേണ്ട വിഷയത്തിൽ 8 പിരീഡ് കഴിച്ചുവരുന്ന പിരീഡുകൾ പഠിപ്പിക്കുന്നതിനായി പ്രസ്തുത വിഷയത്തിൽ ആ സ്കൂളുകളിൽ പിരീഡ് കുറവുള്ള ജൂനിയർ അദ്ധ്യാപകർ ഉണ്ടെങ്കിൽ 14 പിരീഡു വരെ ടി അദ്ധ്യാപകർക്ക് നൽകിയും ഇത്തരത്തിൽ അദ്ധ്യാപകർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ അടുത്ത അക്കാദമിക വർഷം മുതൽ മാത്രം നിയമനം നല്കാവുയെന്ന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

25/2/21

5020480/2021/G.EDN (C)

25

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | GEDN-C2/111/2019/G.Edn |
| 2 | വകുപ്പ് | പൊതുവിദ്യാഭ്യാസ (സി) വകുപ്പ് |
| 3 | വിഷയം | പൊതുവിദ്യാഭ്യാസം - ഏകോപനത്തെ തുടർന്ന് സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെ അദ്ധ്യാപന ജോലി ആഴ്ചയിൽ എട്ട് പീരീഡായി കുറവുചെയ്ത് പ്രിൻസിപ്പൽമാരുടെ ജോലിഭാരം ക്രമീകരിക്കുന്നതിന്റെ ഭാഗമായി പ്രിൻസിപ്പൽ പഠിപ്പിക്കേണ്ട വിഷയത്തിൽ 8 പീരീഡ് കഴിച്ചുവരുന്ന പീരീഡുകൾ പഠിപ്പിക്കുന്നതിനായി പ്രസ്തുത വിഷയത്തിൽ ആ സ്കൂളുകളിൽ പീരീഡ് കുറവുള്ള ജൂനിയർ അദ്ധ്യാപകർ ഉണ്ടെങ്കിൽ 14 പീരീഡുവരെ ടി അദ്ധ്യാപകർക്ക് നൽകിയും ഇത്തരത്തിൽ അദ്ധ്യാപകർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ അടുത്ത അക്കാദമിക വർഷം മുതൽ മാത്രം നിയമനം നല്ലാവൂയെന്ന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 21/02/2021 |
| 5 | i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ആണ്.<br>ഉണ്ട്.<br>ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ. അജി ഫിലിപ്പ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. എ. ഷാജഹാൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 23.02.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ .വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 23.02.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | പ്രൊഫ.സി.രവീന്ദ്രനാഥ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 23.02.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 23.02.2021 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

27

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഏകീകരണത്തെ തുടർന്ന് സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെ അദ്ധ്യാപന ജോലിഭാരം പുനഃക്രമീകരിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) 31.05.2019-ലെ സ.ഉ.(കൈ) നം. 53/2019/പൊ.വി.വ. പ്രകാരം സംസ്ഥാനത്തെ ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി, ഹൈസ്കൂൾ വിഭാഗങ്ങളുടെ ഏകീകരണം നടപ്പിലാക്കിയതിന്റെ ഭാഗമായി ഹയർസെക്കണ്ടറി പ്രിൻസിപ്പൽമാർക്ക് സ്കൂളിന്റെ പൊതുചുമതല നൽകിയിട്ടുണ്ട്. നിലവിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്തെ ഹയർ സെക്കൻഡറി സ്കൂളുകളിലെ ഒരു എച്ച്.എസ്.എസ്.ടി. തസ്തികയിലേക്കാണ് അതാത് സ്കൂളിലെ പ്രിൻസിപ്പൽമാരെ നിയമിക്കപ്പെടുന്നത്. തൽഫലമായി പ്രിൻസിപ്പൽമാർ സ്കൂളിന്റെ പൊതുചുമതലയ്ക്ക് പുറമെ ആഴ്ചയിൽ 25 പീരീഡുകൾ വരെ അദ്ധ്യാപനം നടത്തേണ്ടതായി വരുന്നു. ഏകോപിത സ്കൂൾ സംവിധാനത്തിൽ അക്കാദമിക് കാര്യങ്ങൾക്കൊപ്പം സ്കൂളിന്റെ ഭരണച്ചുമതല കൂടി കൈകാര്യം ചെയ്യേണ്ടിവരുന്നതിനാൽ പ്രിൻസിപ്പൽമാരുടെ ജോലിഭാരം വർദ്ധിച്ചിട്ടുള്ളതായി കാണുന്നു. പ്രിൻസിപ്പൽ സ്കൂളിന്റെ ഭരണകാര്യങ്ങളും അക്കാദമിക കാര്യങ്ങളും ഒന്നിച്ചു കൈകാര്യം ചെയ്യേണ്ടതിനാൽ അവരുടെ ജോലി ഭാരം പുനഃക്രമീകരിച്ച് ആഴ്ചയിൽ എട്ട് പീരീഡായി കുറയ്ക്കുന്ന പക്ഷം അപ്രകാരം കുറയുന്ന പിരീഡുകൾ പഠിപ്പിക്കുന്നതിന് ബദൽ ക്രമീകരണമെന്ന നിലയിൽ ദിവസവേതനാടിസ്ഥാനത്തിൽ അധ്യാപകരെ നിയോഗിക്കേണ്ടതായി വരും.

3) പ്രിൻസിപ്പലിന്റെ ജോലിഭാരം 8 പീരീഡായി കുറയ്ക്കുമ്പോൾ ഒരു എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തിക പകരമായി സൃഷ്ടിക്കേണ്ടിവരുമെന്നും ആയതിന് സർക്കാർ, എയ്ഡഡ് മേഖലയിലായി ആകെ പ്രതിമാസം 4,46,67,720 രൂപയുടെ സാമ്പത്തിക ബാദ്ധ്യത (പരിഷ്ക്കരണത്തിന് മുമ്പ്) ഉണ്ടാകുമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) ഇക്കാര്യത്തിൽ ധനകാര്യവകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായങ്ങൾ രേഖപ്പെടുത്തി:-

I. "ഭരണവകുപ്പിനെ ഇപ്രകാരം അറിയിക്കുന്നു.

29

2

- പ്രിൻസിപ്പലിന്റെ ജോലിഭാരം 24 പീരീഡിൽ നിന്നും 8 പീരീഡായി കുറയ്ക്കുന്നതിനോട് ധനകാര്യവകുപ്പ് വിയോജിക്കുന്നു.
- സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഭരണവകുപ്പ് ശിപാർശ നിരാകരിക്കുന്നു.

ഈ തീരുമാനത്തിന് ബഹു . ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട്."

II. "ഭരണ വകുപ്പ് ശുപാർശ തൽക്കാലം മാറ്റിവയ്ക്കുന്നതായി അറിയിക്കുന്നു.

ഈ തീരുമാനത്തിന് ബഹു . ധനവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

5) തുടർന്ന്, ഹയർ സെക്കണ്ടറി പ്രിൻസിപ്പലിന്റെ ജോലിഭാര പ്രശ്നവും ഓഫീസ് സംവിധാനത്തിന്റെ കാര്യവും പരിഗണിക്കേണ്ടതാണെന്നും അധിക സാമ്പത്തിക ബാധ്യത ഇല്ലാതെ പരിഗണിക്കാവുന്ന നിർദ്ദേശം സമർപ്പിക്കുവാനും ബഹു. മുഖ്യമന്ത്രി നിർദ്ദേശിച്ചു.

6) അതിൻ പ്രകാരം പ്രിൻസിപ്പൽ പഠിപ്പിക്കേണ്ട വിഷയത്തിൽ 8 പീരീഡ് കഴിച്ചുവരുന്ന പീരീഡുകൾ പഠിപ്പിക്കുന്നതിനായി പ്രസ്തുത വിഷയത്തിൽ ആ സ്കൂളുകളിൽ പീരീഡ് കുറവുള്ള ജൂനിയർ അദ്ധ്യാപകർ ഉണ്ടെങ്കിൽ 15 പീരീഡുവരെ നല്കാവുന്നതാണെന്നും ഇതിന് സാമ്പത്തിക ബാധ്യത ഇല്ലെന്നും ഇത്തരത്തിൽ അദ്ധ്യാപകർ ലഭ്യമല്ലാത്ത സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാവുന്നതാണെന്നും ഇതിനായി ഏകദേശം 1402 അദ്ധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കേണ്ടിവരുമെന്നും ഇത്തരത്തിൽ നിയമിക്കുന്നതിന് സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നും വിശദമാക്കി വകുപ്പിന്റെ നിർദ്ദേശത്തിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടിയിരുന്നു.

7) ടി വകുപ്പ് താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി:- .

"വിദ്യാലയങ്ങൾ എല്ലാം പൂർണമായും തുറന്നു പ്രവർത്തിച്ചതിനുശേഷം ഈ പ്രൊപ്പോസൽ പരിഗണിക്കുന്നതായിരിക്കും ഉചിതം എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു. ഈ തീരുമാനത്തിന് ബഹു.ധനകാര്യമന്ത്രിയുടെ അംഗീകാരമുണ്ട്."

8) അടുത്ത അക്കാഡമിക് വർഷം ആരംഭം മുതൽ മാത്രമേ നിയമനം നടത്താവൂ എന്ന വ്യവസ്ഥയോടെ ഇക്കാര്യം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്..

5020480/2021/G.EDN.(C)

31

7

## തീരുമാനിക്കേണ്ട വിഷയം

ഏകോപനത്തെ തുടർന്ന് സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെ അദ്ധ്യാപന ജോലി ആഴ്ചയിൽ എട്ട് പീരീഡായി കുറവുചെയ്ത് പ്രിൻസിപ്പൽമാരുടെ ജോലിഭാരം ക്രമീകരിക്കുന്നതിന്റെ ഭാഗമായി പ്രിൻസിപ്പൽ പഠിപ്പിക്കേണ്ട വിഷയത്തിൽ 8 പീരീഡ് കഴിച്ചുവരുന്ന പീരീഡുകൾ പഠിപ്പിക്കുന്നതിനായി പ്രസ്തുത വിഷയത്തിൽ ആ സ്കൂളുകളിൽ പീരീഡ് കുറവുള്ള ജൂനിയർ അദ്ധ്യാപകർ ഉണ്ടെങ്കിൽ 14 പീരീഡുവരെ ടി അദ്ധ്യാപകർക്ക് നൽകിയും ഇത്തരത്തിൽ അദ്ധ്യാപകർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ അടുത്ത അക്കാദമിക വർഷം മുതൽ മാത്രം നിയമനം നല്കാവൂയെന്ന വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകാമോ?

33

GOVERNMENT OF KERALA
(Sri. Pinarayi Vijayan Ministry)

## NOTE FOR THE COUNCIL OF MINISTERS

| | | |
|---|---|---|
| 1 | File No | GEDN-C4/111/2019/G.Edn |
| 2 | Department | General Education (C) Department |
| 3 | Subject | General Education – Reducing the teaching periods of Principals in Government, Aided Higher Secondary Schools in the State to eight periods as part of re-organizing their work load on account of unification of school system, and the residual teaching periods after the 8 periods compensated by engaging junior teachers with lesser work load in the school upto 14 periods; and if such teachers are not available, by appointing teachers on daily wages basis and on condition that such appointments shall be made only from the next academic year- reg. |
| 4 | Date of Chief Minister's Order for placing before the Council | 21/02/2021 |
| 5 | (i) Does the case involve financial commitments/implications<br>(ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note. | Yes.<br>Yes. Included. |
| 6 | Are any other Departments concerned with the case if so, have they been consulted and their remarks incorporated in the Note for the Council? | No |
| 7 | Name of Joint Secretary who submitted the Draft Note | Sri. Aji Philip |
| 8 | Name of Secretary who approved the Draft Note | Sri. A. Shajahan |
| 9 | Date of approval of the Draft Note for the Council by the Secretary | 23.02.2021 |
| 10 | Name of Chief Secretary who approved the Draft Note. | Dr. Vishwas Mehta |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 23.02.2021 |
| 12 | Name of Minister who approved the Draft Note | Prof. C. Raveendranath |
| 13 | Date of approval of the Draft Note for the Council by the Minister | 23.02.2021 |
| 14 | Date of Submission of fair copies | 23.02.2021 |
| 15 | Date of decision by the Council of Ministers | |
| 16 | Number and date of the GO/letter communicating the decision | |

35

## Note for Council of Ministers

This note deals with the matter of re-organizing the work load of Principals in Government, Aided Higher Secondary Schools in the State on account of unification of school system.

2) As part of unification of Higher Secondary, Vocational Higher Secondary and High School sections in the State vide G.O.(Ms) No. 53/2019/G.Edn dated 31.05.2019 the general supervision of schools shall vest with the Principals of Higher Secondary Schools. In tune with the existing rules the Principals of schools will be posted in a post of Higher Secondary School Teacher in that School and hence the Principals have to teach up to 25 periods per week in addition to the general supervision of school. It is seen that the unification of school system has in turn increased the work load of the Principals considerably since they have to perform administrative functions in addition to academic matters. However any re-organization of work load of the Principals by reducing the teaching periods to 8 per week will require appointment of daily wages teachers as an alternative arrangement so as to compensate the residual teaching periods after reduction.

3) The Director of General Education has reported that if the teaching periods of the Principals are reduced to eight, a post of Higher Secondary School Teacher (Junior) has to be created alternatively and which will have an additional financial commitment of Rs. 44667720 per month (Pre-revised Scale) taking both Government and Aided Schools.

4) When consulted, Finance Department has remarked as follows:

1- "ഭരണവകുപ്പിനെ ഇപ്രകാരം അറിയിക്കുന്നു.

38

- പ്രിൻസിപ്പലിന്റെ ജോലിഭാരം 24 പീരിഡിൽ നിന്നും 8 പീരിഡായി കുറയ്ക്കുന്നതിനോട് ധനകാര്യവകുപ്പ് വിയോജിക്കുന്നു.
- സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഭരണവകുപ്പ് ശിപാർശ നിരാകരിക്കുന്നു.

ഈ തീരുമാനത്തിന് ബഹു . ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരം ഉണ്ട്."

II - "ഭരണ വകുപ്പ് ശുപാർശ തൽക്കാലം മാറ്റിവയ്ക്കുന്നതായി അറിയിക്കുന്നു.

ഈ തീരുമാനത്തിന് ബഹു . ധനവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

5) The Hon'ble Chief Minister has, then, ordered that since the matter of work load of Principals and the matter of establishing of office system require consideration, the department shall submit a proposal having no additional financial commitment.

6) Accordingly it is suggested that for the residual teaching period after the 8 periods to be taught by the Principals, teachers with the lesser work load in the school may be entrusted upto 15 periods, without any additional financial commitment; and if such junior teachers are not available, teachers on daily wages basis may be engaged for the purpose. In such circumstances, it is estimated that aproximatly 1402 posts of teachers may be required and there will be additional financial commitment in this regard.

7) When the suggestion was forwarded to Finance Department, that department has remarked as follows:

"വിദ്യാലയങ്ങൾ എല്ലാം പൂർണമായും തുറന്നു പ്രവർത്തിച്ചതിനുശേഷം ഈ പ്രൊപ്പോസൽ പരിഗണിക്കുന്നതായിരിക്കും ഉചിതം എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു. ഈ തീരുമാനത്തിന് ബഹു.ധനകാര്യമന്ത്രിയുടെ അംഗീകാരമുണ്ട്."

8) The Hon'ble Chief Minister has ordered to place the proposal before the Council of Ministers subject to the condition that the above appointments in this regard shall be made only from the next academic year.

39

## Point for decision

Whether the teaching periods of Principals in Government, Aided Higher Secondary Schools in the State may be reduced to eight periods as part of re-organizing their work load on account of unification of school system, and the residual teaching periods after the 8 periods may be compensated by engaging junior teachers with lesser work load in the school upto 14 periods; and if such teachers are not available, by appointing teachers on daily wages basis and on condition that such appointments shall be made only from the next academic year?